കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail : doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-8/178/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 04994-256690.

തിയ്യതി :27/02/2019

സീനിയർ ഡപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ്,

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്.(സെക്രട്ടറി മുഖേന).

സർ,

വിഷയം : നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ),കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം കെ.എസ്.എ- കെ.എസ്.ഡി-8/178/2019 തിയ്യതി: 27/02/2019

# കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളൂ. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജാരാമ.സി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-02-2019മുതൽ 27-02-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | തസ്തിക |
|---|---|
| ഗേപാൽകൃഷ്ണ നായിക്,പി. | ഓഡിറ്റ് ഓഫീസർ. |
| കിരൺദാസ്,പി. | ഓഡിറ്റ് ഓഫീസർ |
| യാദവകുമാര.സ,എച്ച്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| രഘുനാഥൻ,കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| നിർവ്വഹണാധികാരി | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ്/ ചെയർപേഴ്സൺ | ശ്രീമതി. വി.പി. ജാനകി | 01.04.2017 | 31.03.2018 |
| സെക്രട്ടറി | ശ്രീ. ഷാജി മാത്യു, ജോയിന്റ് ബി.ഡി.ഒ.(ഇൻചാർജ്) | 01.04.2017 | 05.05.2017 |
| | ശ്രീ. പ്രജ്ഞ കുമാർ, ടി.കെ, സെക്രട്ടറി. | 06.05.2017 | 04.10.2017 |
| | ശ്രീ. ഷാജി മാത്യു, ജോയിന്റ് ബി.ഡി.ഒ.(ഇൻചാർജ്) | 05.10.2017 | 03.11.2017 |
| | ശ്രീ. ജോബിൻ മരുതിപ്പറമ്പിൽ, സെക്രട്ടറി. | 04.11.2017 | 11.01.2018 |
| | ശ്രീ. സക്കീർ ഹുസൈൻ, എസ്, ജോയിന്റ് ബി.ഡി.ഒ.(ഇൻചാർജ്) | 12.01.2018 | 20.02.2018 |
| | ശ്രീ. ജോബിൻ മരുതിപ്പറമ്പിൽ, സെക്രട്ടറി. | 21.02.2018 | 03.03.2018 |
| | ശ്രീ. സക്കീർ ഹുസൈൻ,എസ്, ജോയിന്റ് ബി.ഡി.ഒ. (താൽക്കാലിക ചുമതല) | 04.03.2018 | 12.03.2018 |
| | ശ്രീ. സക്കീർ ഹുസൈൻ, എസ്, ജോയിന്റ് ബി.ഡി.ഒ.(ഇൻചാർജ്) | 13.03.2018 | 31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | ശ്രീ.രാജീവൻ ഉറുമി വളപ്പിൽ | 01-04-2017 | 31-03-2018 |
| മെഡിക്കൽ ഓഫീസർ,ചെറുവത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | ഡോ.രമേഷ്.ഡി.ജി | 01.04.2017 | 12.05.2017 |
| | ഡോ.പ്രവീൺകുമാർ | 13.05.2017 | 31.05.2017 |
| | ഡോ.രമേഷ്,ഡി.ജി | 1.06.2017 | 09.02.2018 |
| | ഡോ.പ്രവീൺകുമാർ | 10.02.2018 | 26.02.2018 |
| | ഡോ.രമേഷ്,ഡി.ജി | 27.02.2018 | 31.03.2018 |
| മെഡിക്കൽ ഓഫീസർ,തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി | ഡോ.മനോജ്,ജെ.എച്ച് | 01.04.2017 | 31.03.2018 |

റിപ്പോർട്ടിന്റെ ഉള്ളടക്കം



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തീക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം- 2 | |
| 11 | ഇ.ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-1 |
| 12 | മുറികൾ വാടകയ്ക്ക് നൽകുന്നത്- നിയമാവലി ഇല്ല. | 2-2 |
| | ഭാഗം- 3 | |
| 13 | സഞ്ചരിക്കുന്ന ആതുരാലായം പദ്ധതി നടത്തിപ്പിലെ അപാകതക്കൾ -800000/-തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 14 | ചെറുവത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മരുന്ന് വാങ്ങൽ | 3-2 |
| 15 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-3 |
| 16 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി പദ്ധതിക്കായി ബ്ലോക്ക് വിഹിതം കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.42,85,000/- തടസ്സപ്പെടുത്തുന്നു | 3-4 |
| 17 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല | 3-5 |
| 18 | പാലിയേറ്റീവ് കെയർ ഓഫീസിലേക്ക് ലാപ് ടോപ്പ് വാങ്ങിയത് -അപാകതകൾ | 3-6 |

| | | |
|---|---|---|
| 19 | എ.സി,അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് -പർച്ചേസിങ്ങ് കമ്മിറ്റി മിനുട്സ് ഓഡിറ്റിന് ഹാജരാക്കിയില്ല. | 3-7 |
| 20 | അതിജീവിതം സമഗ്ര കാൻസർ നിയംന്ത്രണ ദൌത്യം പദ്ധതി -അപാകതക്കൾ -500000/-തടസ്സപ്പെടുത്തുന്നു. | 3-8 |
| 21 | കിണർ റീ-ചാർജ്ജിംഗ് പദ്ധതി-തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. | 3-9 |
| 22 | ഖാദി വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം പദ്ധതി-പൂർത്തീകരിച്ചിട്ടില്ല | 3-10 |
| 23 | ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം പദ്ധതി-പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 24 | നെൽകൃഷിക്ക് കൂലിച്ചെലവ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ പദ്ധതി-അപാകത | 3-12 |
| 25 | പാലിയേറ്റീവ് കെയർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ പദ്ധതി-അപാകത | 3-13 |
| 26 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം വിഹിതം നൽകൽ പദ്ധതി-പൂർത്തീകരിച്ചിട്ടില്ല. | 3-14 |
| 27 | മാലിന്യസംസ്കരണം-മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം പദ്ധതി-പൂർത്തീകരിച്ചിട്ടില്ല. | 3-15 |
| 28 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി-അപാകത | 3-16 |
| 29 | ഡ്രൈവറുടെ യാത്രാബത്ത അപാകത | 3-17 |
| 30 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-18 |
| 31 | മലയോര വികസന ഏജൻസി വഴി പച്ചക്കറി വികസന പദ്ധതി- | 3-19 |

| | | |
|---|---|---|
| | കൈപ്പറ്റിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | |
| | ഭാഗം-4 | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

അനുബന്ധം

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്.

3) റസീറ്റ് & പേമെന്റ് അക്കൗണ്ട്.

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | ബജറ്റ് പുതുക്കിയിട്ടില്ല. |
| തീരുമാനം നമ്പർ തീയ്യതി | 500/17-18തീയ്യതി 30.03.2017 | |
| മുന്നിരിപ്പ് | 17,00,000 | |
| വരവ് | 5,31,47,000 | |
| ആകെ | 5,48,47,000 | |
| ചെലവ് | 5,44,36,000 | |
| നീക്കിയിരിപ്പ് | 4,11,000 | |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 13.06.2018 | ഇല്ല | ഇല്ല |

## 1-3 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.07.2018 | നം: കെ.എസ്.എ/കെ.എസ്.ഡി. 3/705/2018, തീയ്യതി: 10-08-2018. |

നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ:

1.ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള തുക കേരള ഗ്രാമീൺ ബാങ്ക് നീലേശ്വരം ശാഖയിലെ അക്കൗണ്ട് നം.7516 പ്രകാരമുള്ള കേരളോത്സവം അക്കൗണ്ടിന്റെ പാസ്ബുക്ക്, RP-40(ബി) ഷെഡ്യൂൾ എന്നിവയിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

2.ബി-4 ഷെഡ്യൂളിൽ IAY ഇനത്തിലുള്ള ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക IAY

അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.( KGB നീലേശ്വരം ശാഖയിലെ അക്കൗണ്ട് നം.11317, KGB നീലേശ്വരം ശാഖയിലെ അക്കൗണ്ട് നം. 11967, സിന്റിക്കേറ്റ് ബാങ്ക് നീലേശ്വരം ശാഖയിലെ അക്കൗണ്ട് നം.1860, സിന്റിക്കേറ്റ് ബാങ്ക് നീലേശ്വരം ശാഖയിലെ അക്കൗണ്ട് നം.8860).

3.ബി-4 ഷെഡ്യൂളിൽ സംയുക്ത പദ്ധതികളുമായി ബന്ധപ്പെട്ട് ബാധ്യതയായി കാണിച്ചിട്ടുള്ള തുകകൾ നീലേശ്വരം സബ് ട്രഷറിയിലുള്ള (അക്കൗണ്ട് നം.1031) ജോയിന്റ് വെഞ്ചർ അക്കൗണ്ടിന്റെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

4.അഡ്വാൻസ് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അഡ്വാൻസ് തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

5.വാടക രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,54,67,112 |
| വരവ് | 4,15,90,708 |
| ആകെ | 7,70,57,820 |
| ചെലവ് | 5,72,11,396 |
| നീക്കിയിരിപ്പ് | 1,98,46,424 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ(ACR പ്രകാരം) | 0 | 2,76,78,032 | 2,76,78,032 | 2,44,48,032 | 32,30,000 |
| വികസന ഫണ്ട് – എസ്.സി.പി(ACR പ്രകാരം) | 0 | 57,48,000 | 57,48,000 | 57,48,000 | 0 |
| വികസന ഫണ്ട് – ടി.എസ്.പി(ACR പ്രകാരം) | 0 | 1,20,000 | 1,20,000 | 1,20,000 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാൻറ് (നോൺ റോഡ്.) (ACR പ്രകാരം) | 0 | 35,28,000 | 35,28,000 | 27,78,000 | 7,50,000 |

(*വികസന ഫണ്ട് (പൊതുവിഭാഗം), സംരക്ഷണ ഗ്രാൻറ് (നോൺ റോഡ്.) എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ കണക്കുകൾ പ്രകാരം നീക്കിയിരിപ്പായി കാണിച്ച 39,80,000/-രൂപ (32,30,000+7,50,000=39,80,000) ഇതുപ്രകാരം ലാപ്സായിട്ടുണ്ട്.)

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| എം.ജിഎൻ. ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 0 | 0 | 0 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13,868 | 17,03,635 | 17,17,503 | 17,06,625 | 10,878 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | T.S.C. | 29,11,082 | 1,31,186 | 30,42,268 | 45,885 | 29,96,383 |
| | PYCKA | 1,52,043 | 5,663 | 1,57,706 | 0 | 1,57,706 |
| ജനറൽ പർപ്പസ് ഗ്രാന്റ് തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 0 | 0 | 0 | 0 | 0 |
| | ട്രഷറി അക്കൗണ്ട് | 98,42,701 | 36,98,562 | 1,35,41,263 | 1,35,06,637 | 34,626 |

## 1-6 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 2017-18 | 58 | 52 | 3,90,32,824 | 0 | 6 | 89.65% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം | 2017-18 വർഷത്തിൽ | ചെലവ് ശതമാനം. |
|---|---|---|---|---|

| | | 2017-18 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | നടപ്പാക്കിയ പദ്ധതികളുടെ വിവരം | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 18 | 2,24,55,443 | 18 | 2,20,99,076 | 98.41% |
| 2 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 32 | 1,69,33,720 | 26 | 1,22,91,298 | 72.58% |
| 3 | മെഡിക്കൽ ഓഫീസർ, സ.എച്ച്.സി,ചെറുവത്തൂർ | 4 | 23,84,000 | 4 | 23,50,000 | 98.57% |
| 4 | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, തൃക്കരിപ്പൂർ | 4 | 22,92,450 | 4 | 22,92,450 | 100% |
| | ആകെ | 58 | 4,40,65,613 | 52 | 3,90,32,824 | 88.57% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 13,868 | 17,03,635 | 17,17,503 | 17,06,625 | 10,878 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 13,868 | 17,03,635 | 17,17,503 | 17,06,625 | 10,878 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-02-2019 തീയതിയിൽ 11മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനാ സമയത്ത് പണമിടപാടുകൾ ഒന്നും ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, പൊതുജനങ്ങൾക്ക് താമസമില്ലാതെ സേവനം ലഭിക്കുന്നതിനും, സഹായകമായ വിധത്തിൽ ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിന്റെ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്. ഓഫീസ് ഓർഡർ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ ചേരുന്നുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും തയ്യാറാക്കലും സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമമാവേണ്ടതുണ്ട്. സ്ഥാപനത്തിലെ സ്ഥാവരജംഗമ വസ്തുക്കളെ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. നിർവ്വഹണഉദ്യോഗസ്ഥന്മാർ മുഖേനയുള്ള പദ്ധതിനടത്തിപ്പിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം ഓഡിറ്റിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിലെ വിവിധ തസ്തികകളിൽ വിവിധകാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്,വിലാസം,സേവനകാലയളവ്, സ്ഥലം മാറ്റ വിവരം, എന്നിവ രേഖപെടുത്തുന്ന ഇൻക്യുബൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലീകമാക്കിയിട്ടില്ല. ഓഡിറ്റ് റിക്കവറി റജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 10-10-2018മുതൽ 20-10-2018വരെ | 2012-13മുതൽ 2017-18വരെ | 29.11.2018 |
| പെർഫോമെൻസ് ഓഡിറ്റ് | ഓഡിറ്റ് തീയതി ലഭ്യമാക്കിയില്ല | 01.04.2017മുതൽ 31.03.2018 വരെ | 11.07.2018 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ.ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 55,480/- രൂപ (22 പ്രവർത്തികളുടെ) നാളിതുവരെ ബ്ലോക്ക്പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ.(എം.എസ്.) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ബ്ലോക്ക്പഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെയായും ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല. 2014-15, 2015-16, 2016-17 വർഷങ്ങളിലെ ടെണ്ടർ ഫോറം വിലയും തിരികെ ഈടാക്കിയിട്ടില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക്പഞ്ചായത്തിനു ലഭിക്കേണ്ട തുക തിരികെ ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നത് - നിയമാവലി തയ്യാറാക്കിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൻെറ കീഴിലുള്ള കെട്ടിട മുറികൾ പ്രതിമാസ വാടകയിനത്തിൽ നൽകുന്നുണ്ട്. മുറികൾ വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമാവലി തയ്യാറാക്കിട്ടില്ല. നിയമാവലിയുടെ അഭാവത്തിൽ വാടകയിലെ വാർഷിക വർദ്ധനവ് പിഴപ്പലിശ, മുറികൾക്ക് നാശനഷ്ടങ്ങൾ വരുത്തിയാൽ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയ വ്യവസ്ഥകളിൽ വ്യക്തതയില്ല. നിയമാവലി ഇല്ലെങ്കിൽ കരാർ ലംഘനത്തിന് വാടകക്കാരനെതിരെ കോടതി നടപടികൾ സ്വീകരിക്കേണ്ടി വന്നാൽ നിയമത്തിൻെറ പിൻബലം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടായേക്കാം. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരട് നിയമാവലി തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കി നടപ്പലാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സഞ്ചരിക്കുന്ന ആതുരാലായം പദ്ധതി നടത്തിപ്പിലെ

## അപാകതകൾ -800000/-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 32/17-18 |
| പ്രോജക്ടിന്റെ പേര് | സഞ്ചരിക്കുന്ന ആതുരാലായം-ശമ്പളം ഇന്ധനം, മരുന്ന്, മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെറുവത്തൂർ |
| ചെലവ് തുക | 8,00,000/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയ്യതി | 02/17-18 തീയതി 31-08,2017, Rs.2,56,593/- |
| | 03/17-18 തീയതി 31-10-2017, Rs.61,000/- |
| | 5/17-18 തിയതി 18.11.2017 Rs 26,500/- |
| | 6/17-18 തീയതി 10-01-2018, Rs.61,345/- |
| | 7/17-18 തീയതി27.01.2018,Rs.1,84,029/- |
| | 9/17-18 തീയതി24.03.2018 Rs.74,937/- |
| | 13/17-18 തീയതി23.03.2018 Rs.1,35,596/- |

നിലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്ട് നം.32/18 പ്രകാരം സഞ്ചരിക്കുന്ന ആതുരാലായം - ശമ്പളം, ഇന്ധനം, മരുന്ന്, മെയിന്റനൻസ് എന്നിവയ്ക്കായി തുക പിൻവലിച്ചു. തുക ,ചെലവഴിച്ചതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ നം. തിയ്യതി- തുക | മരുന്ന വാങ്ങൽ | ശമ്പളം, ഇന്ധനം, മരുന്ന, മെയിന്റനൻസ് | ആകെ ചെലവ് |
|---|---|---|---|
| 02/17-18 തീയതി 31-08,2017, Rs.2,56,593/- | 1,16,401 | 1,40,192 | 2,56,593 |
| 03/17-18 തീയ്യതി 31-10-2017, Rs.61,000/- | - | 61,000 | 61,000 |
| 6/17-18 തീയ്യതി 10-01-2018, Rs.61,345/- | 27,680 | 33,665 | 61,345 |
| 5/17-18 തിയ്യതി 18.11.2017 | - | 26,500 | 26,500 |

| | | | |
|---|---|---|---|
| 7/27.01.2018,Rs.1,84,029 | 1,44,087 | 39,942 | 1,84,029 |
| 9/24.03.2018 Rs.74,937/- | - | 74,937 | 74,937 |
| 13/23.3.2018 Rs.1,35,596/- | 1,01,059 | 34,537 | 1,35,596 |
| ആകെ | 3,89,227 | 4,10,773 | 8,00,000 |

സഞ്ചരിക്കുന്ന ആതുരാലായം എന്ന പദ്ധതിയിൽ അധികം തുക ചെലവഴിച്ചത് ശമ്പളം, ഇന്ധനം, മെയിന്റനൻസ് എന്നിവയ്ക്കാണ്. ചികിത്സ ലഭ്യമാകുന്ന ഗുണഭോക്തകളുടെ വിവരമുള്ള വീട് സന്ദർശന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വളരെ ഉച്ചമായ തുകയാണ് മരുന്ന വാങ്ങലിൽ കാണുന്നത്, പക്ഷെ കൂടുതൽ രോഗികളെ ചികിത്സിച്ചതായി കാണുന്നു. സഹായം ലഭ്യമാക്കിയ ഗുണഭോക്താകളുടെ വിവരങ്ങൾ ഓഡിറ്റിനെ ലഭ്യമാക്കേണ്ടതാണ്. ഈ പദ്ധതിയുമായി ബന്ധപ്പട്ട മോണിറ്ററിംഗ് റിപ്പോർട്ട്, വീട് സന്ദർശന രേഖകൾ എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 8,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ചെറുവത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മരുന്ന് വാങ്ങൽ

| | | |
|---|---|---|
| പ്രോജക്ട് നം. | 31/17-18 | |
| പ്രോജക്ടിന്റെ പേര് | ചെറുവത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മരുന്ന് വാങ്ങൽ | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ചെറുവത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, | |
| ചെലവ് തുക | 10,50,000/-രൂപ | |
| ട്രഷറി ബിൽ നമ്പർ, തീയതി | 01/17-18 തീയതി 31-03,2017, Rs.4,94,426/- | |
| | 09/17-18 തീയതി 28-02-2018, Rs.4,46,019/- | |
| | 14/17-18 തീയതി 28-03-2018, Rs.1,09,555/- | |
| | ആകെ = 10,50,000/- | |

നിലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്ട് നം.31/18 പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള സിവിൽ സപ്ലൈ മെഡിസിൻ ഡിവിഷൻ, വടകര എന്ന സ്ഥാപനത്തിന് മേൽ ട്രഷറി ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് മുൻകൂറായി തുക നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.14130200015732).9/2017-18 ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 70,000/-രൂപ കേരള മെഡിക്കൽ സർവ്വീസ് തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട് (A/C 3624001800000019).ഇതു പ്രകാരം ലഭ്യമാകേണ്ട മരുന്നുകൾ ചുവടെ ചേർത്ത പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/ തീയ്യതി | ഇൻവോയ്സ് പ്രകാരം ലഭിച്ച മരുന്നുകളുടെ തുക |
|---|---|
| KZD/650/2017 dt.18.08.2017 | 4,94,426 |
| KZD/1389/2017 dt.17.01.2018 | 3,76,019 |
| 4094/dt. 02.07.2018 | 23,219 |
| 4818/dt.13.07.2018 | 7,617 |
| 4946/dt.17.07.2018 | 6,122 |
| 4985/dt.18.07.2018 | 33,042 |
| KZD/1754/2017 dt.18.03.2018 | 1,09,555 |

മരുന്നുകൾ പ്രാധാന സ്റ്റോക്കിൽ വരവ് വന്നിട്ടുണ്ടെങ്കിലും വിതരണം നടത്തിയ സബ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പദ്ധതി സംബന്ധിച്ച് മോണിറ്ററിംഗ് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-3 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആരോഗ്യ മേഖലയിൽ (അലോപ്പതി) മരുന്ന് വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ.31/18 പ്രകാരം 10,50,000/- രൂപ മെഡിക്കൽ ഓഫീസർ ചെറുവത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ മരുന്നുകളും ബന്ധപ്പെട്ട സാമഗ്രികളും വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി-ബ്ലോക്ക് വിഹിതം- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.42,85,000/- തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് പാൽ വില സബ്സിഡി പദ്ധതി നടപ്പിലാക്കുന്നതിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 42,85,000/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട പാൽ വില സബ്സിഡി വിതരണം നടത്തിയ ക്ഷീര കർഷകരുടെ പട്ടിക, അനുബന്ധ രേഖകൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ

സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുകയായ 42,85,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം. വിശദാംശം | ബിൽ നം.& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 23/18 – ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി- ബ്ലോക്ക് വിഹിതം | 2003630014/ 22.08.2017 | 5,00,000 | സോക്രട്ടറി കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത് A/C 799011400001038 |
| | | | 2003630014/ 28-06-2017 | 5,00,000 | |
| 2 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 23/2018 – ക്ഷീര കർഷകർക്ക്പാൽ വില സബ്സിഡി ബ്ലോക്ക് വിഹിതം | 2003630014/ 22.08.2017 | 5,00,000 | സെക്രട്ടറി, തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് A/C. 799011400001039 |
| 3 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 23/2018-ക്ഷീര കർഷകർക്ക്പാൽ വില സബ്സിഡി ബ്ലോക് വിഹിതം | 2003630014/ 22.08.2017 | 3,50,000 | സെക്രട്ടറി ,പടന്ന ഗ്രാമ പഞ്ചായത്ത് A/C. 7991140000722 |
| | | | 2003630014/ 28.06.2017 | 2,00000 | |
| 4 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 23/2018-ക്ഷീര കർഷകർക്ക്പാൽ വില സബ്സിഡി ബ്ലോക്ക് വിഹിതം | 2003630014/ 28.06.2017 | 1,25,000 | സെക്രട്ടറി, പിലിക്കോട് ഗ്രാമ പഞ്ചായത്ത്A/C. 79911400001032 |
| | | | 2003630014/ 22.08.2017 | 9,60,000 | |
| 5 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 23/2018-ക്ഷീര കർഷകർക്ക്പാൽ വില സബ്സിഡി ബ്ലോക്ക് വിഹിതം | 2003630014/ 28.06.2017 | 10,00000 | സെക്രട്ടറി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്A/C. 7991140000954 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 23/2018-ക്ഷീര കർഷകർക്ക്പാൽ | 2003630014/ 28.06.2017 | 1,50000 | സെക്രട്ടറി , വലിയപറമ്പ |

| | | | | | |
|---|---|---|---|---|---|
| | സെക്രട്ടറി | വില സബ്സിഡി ബ്ലോക്ക് വിഹിതം | | | ഗ്രാമപഞ്ചായത്ത്A/C. 79911400001010 |
| | | | ആകെ | 42,85,000 | |

## 3-5 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.01.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007/ത.സ്വ.ഭ.വ. തീയതി 14.03.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടുക, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തുക, ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങുക എന്നീ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസർ-ചെറുവത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ, തൃക്കരിപ്പൂർ എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും പഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതുമാണ്

## 3-6 ലാപ് ടോപ്പ് വാങ്ങിയത് -അപാകതകൾ

(നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി)

പ്രൊ.നം 27/17-18, പാലീയേറ്റീവ് കെയർ പദ്ധതി പ്രകാരം തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി പാലീയേറ്റീവ് കെയർ ആവശ്യത്തിന് ഉപയോഗിക്കുന്നതിനായി 34,000 രൂപ വിനിയോഗിച്ച് ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ട്. (ട്രഷറി ബിൽ നം.15/31-03-2018 ₹74,044)

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ ഓഫീസുകളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളുടെ സോഫ്റ്റ് വെയർ, ഹാർഡ് വെയർ

എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന് സർക്കുലർ നം.86/2010/ഫിൻ. തിയതി. 24-09-2010 പ്രകാരം ധനകാര്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനായി പ്രത്യേക മാതൃകയും മേൽ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ ഇത്തരത്തിലുള്ള ഒരു സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള എല്ലാ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്പെസിഫിക്കേഷൻ, സോഫ്റ്റ് വെയർ ലൈസൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ മേൽ ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിലോ അല്ലെങ്കിൽ ഐ.കെ.എം. നിഷ്കർഷിക്കുന്ന മാതൃകയിലോ ഉള്ള സ്റ്റോക്ക് രജിസ്റ്ററിൽ പ്രത്യേകം ക്രമനമ്പർ രേഖപ്പെടുത്തി, വാങ്ങിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. തുടർന്നുള്ള മെയിന്റനൻസ് വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2) ടെൻഡർ ഷെഡ്യൂളിൽ ഒരു വർഷ വാറന്റി എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ വ്യവസ്ഥ വെച്ച് കരാർ ചമച്ചിട്ടില്ല. കൂടാതെ കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്റ്ററിൽ ചേർത്ത് അതിന്റെ വാറന്റി മുതലായവ രേഖപ്പെടുത്തിയിട്ടില്ല, കരാർ വെച്ച് തുടർ സേവനം ഉറപ്പ് വരുത്താതെ തുക മുഴുവൻ നൽകിയത് ശരിയായ നടപടിയല്ല.

4)സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.

5) പർച്ചേസിങ്ങ് കമ്മിറ്റി മിനുട്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.

ഈസാഹചര്യത്തിൽ ലാപ് ടോപ്പ് വാങ്ങുന്നതിനായി വിനിയോഗിച്ച 34,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 എ.സി,അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് -പർച്ചേസിങ്ങ് കമ്മിറ്റി മിനുട്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.

(നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി)

പ്രൊ.നം. 3/17-18, ആശുപത്രിയിൽ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ വോൾട്ടാസ് എ.സി. (രണ്ട് എണ്ണം), വി.ഗാർഡ് സ്റ്റബിലൈസർ(രണ്ട് എണ്ണം), എ.സി. സ്റ്റാൻഡുകൾ (രണ്ട് എണ്ണം) എന്നിവ 60,000 രൂപ വിനിയോഗിച്ച് വാങ്ങിയിട്ടുണ്ട്. (ട്രഷറി ബിൽ നം.4/31-10-2017 ₹60,000). നാഷണൽ റേഡിയോ ഇലക്ട്രോണിക്സ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് മേൽ ഉപകരണങ്ങൾ വാങ്ങിയത്.

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാറന്റി സംബന്ധിച്ച് വ്യവസ്ഥ വെച്ച് കരാർ ചമച്ചിട്ടില്ല. കരാർ വെച്ച് തുടർ സേവനം ഉറപ്പ് വരുത്താതെ തുക മുഴുവൻ നൽകിയത് ശരിയായ നടപടിയല്ല. സ്റ്റോക്ക് രജിസ്റ്ററിൽ വാറന്റി,സ്പെസിഫിക്കേഷൻ മുതലായവ രേഖപ്പെടുത്തിയിട്ടില്ല,

2)സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക

യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.

3) പർച്ചേസിങ്ങ് കമ്മിറ്റി മിനുട്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.

4) മേൽ ഉപകരണങ്ങൾ ആശുപത്രിയിൽ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയില്ല.

ഈസാഹചര്യത്തിൽ വോൾട്ടാസ് എ.സി. (രണ്ട് എണ്ണം), വി.ഗാർഡ് സ്റ്റബിലൈസർ(രണ്ട് എണ്ണം), എ.സി. സ്റ്റാൻഡുകൾ (രണ്ട് എണ്ണം) എന്നിവ വാങ്ങുന്നതിനായി വിനിയോഗിച്ച 60,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 അതിജീവിതം സമഗ്ര കാൻസർ നിയംത്രണ ദൌത്യം പദ്ധതി -അപാകതക്കൾ -5,00,000/-തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 33/17-18 |
| പ്രോജക്ടിന്റെ പേര് | അതിജീവിതം- സമഗ്ര കാൻസർ നിയംത്രണ ദൌത്യം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ചെറുവത്തൂർ<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, |
| ചെലവ് തുക | 5,00,000/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 04/17-18 തീയതി 31-10-2017, Rs.99,445/- |
| | 08/17-18 തീയതി 27-01-2018, Rs.1,56,576/- |
| | 11/17-18 തിയതി. 22.03.2018 Rs 1,32,328/- |
| | 12/17-18 തിയതി 28.03.2018 Rs.1,11,651/- |

നിലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്ട് നം.32/18 പ്രകാരം അതിജീവിതം സമഗ്ര കാൻസർ നിയംത്രണ ദൌത്യം, എന്ന പദ്ധതിയിൽ ചെലവറിച്ച വിവരം താഴെ ചേർക്കുന്നു

| ബിൽ നം. തിയതി തുക | ചികിത്സ ചെലവ് | ശമ്പളം ഇന്ധനം, മെയിന്റനൻസ്, മറ്റു കാര്യങ്ങൾ | ആകെ ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 04/17-18 തീയതി 31-10-2017, Rs.99,445/- | 88,165 (78,450+9,715) | 11,280 | 99,445 |
| 08/17-18 തീയതി 27-01-2018, Rs.1,56,576/- | 41,539 | 1,15,037 | 1,56,576 |
| 11/17-18 തിയതി 22.03.2018 Rs 1,32,328/- | - | 1,32,328 | 1,32,328 |
| 12/17-18 തിയതി 28.03.2018 Rs.1,11,651/- | - | 1,11,651 | 1,11,651 |
| ആകെ | 1,29,704 | 3,70,296 | 5,00,000 |

അതിജീവനം സമഗ്ര കാൻസർ നിയന്ത്രണ ദൗത്യം, എന്ന പദ്ധതിയിൽ അധികം തുക ചെലവഴിചത് ശംബളം ഇന്ധനം, പ്രന്റിംഗ് ചാർജ്ജ്, ബേനർ, ഫോട്ടോ, ചായ, ഭക്ഷണം, സർവ്വീസ് ചാർജ്ജ്, വാഹനം, സ്റ്റേഷനറി, ഡോക്യുമെറ്ററി, പബ്ലിസിറ്റി മെയ്റ്റനെൻസ് നാണ്. ചികിത്സ ലഭ്യമാക്കുന്ന ഗുണഭോക്തകളുടെ വിവരമുള്ള ഹോം സന്ദർശന രേഖക്കൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വളരെ തുച്ഛമായ തുകയാണ് ചികിത്സയിൽ കാണുന്നത്. ചികിത്സക്കായ് കണ്ടെത്തിയ ഗുണഭോക്തകളെ വിവരം കൂടി ഓഡിറ്റ്നെ ലഭ്യമാക്കേണ്ടതാണ്. മലബാർ ക്യാൻസർ സെന്ററിൽ എത്തിച്ച് പരിശോധന നടത്തി ചികിത്സ തേടിയവരുടെ പട്ടിക ലഭ്യമാക്കേമ്ടതാണ്. ഈ പദ്ധതിയുമായി ബന്ധപ്പട്ട മോണിറ്ററിംഗ് നടത്തി സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 കിണർ റീ-ചാർജ്ജിംഗ് പദ്ധതി-തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

പ്രൊജക്റ്റ് നമ്പർ - 26/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നമ്പർ - 17/17-18/23.8.17 – 3,00,000/-

കിണർ റീ-ചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ആകെ 3,00,000/- രൂപ നൽകിയിട്ടുണ്ട്. മേൽ ബില്ല് പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ ആയി തുക കൈമാറുകയാണ് ചെയ്തത്. അക്കൗണ്ട് നം.799011400000954.ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് കത്ത് നം.SC-1-11/18/dt.16.03.2018 പ്രകാരം ഈ

